**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3508** | **02-03-2023 - ൽ മറുപടിയ്ക്ക്**

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്ന കർഷകർക്ക് സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പെർ ഡ്രോപ് മോർ ക്രോപ് (മൈക്രോ ഇറിഗേഷൻ) പദ്ധതി പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകിവരുന്നുണ്ട്.<br><br>കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി മാർഗരേഖ പ്രകാരമുള്ള അനുവദനീയ തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ള കർഷകർക്കും സബ്സിഡി നൽകിവരുന്നു. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ചു ഹെക്ടർ വരെയുള്ള കൃഷിക്ക് പദ്ധതി മാർഗരേഖയ്ക്കനുസൃതമായി സബ്സിഡി നൽകിവരുന്നു. |
| (ബി) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് സാമ്പത്തിക സഹായമല്ലാതെ എന്തെല്ലാം സഹായങ്ങളാണ് നേരിട്ട് കർഷകന് നൽകുന്നതെന്ന് വിശദമാക്കാമോ? | (ബി) | ജില്ലകൾ തോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷിവകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയ്യാറാക്കി പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യാപകമാക്കുവാൻ വേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപ്പുസ്തകങ്ങളും വിതരണ ത്തിനായി തയ്യാറാക്കി നൽകുന്നു.<br><br>കൃഷിഭവനുകൾ മുഖാന്തരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖാന്തരമോ കർഷർക്ക് സബ്സിഡിക്കായി അപേക്ഷ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ